"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നഴ്സിംഗ് ഓഫീസർ ആയിരിക്കെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും അവധിക്ക് ശേഷം സമയബന്ധിതമായി ജോലിയിൽ പുനപ്രവേശിക്കാതിരുന്നതുമായ ജീവനക്കാരിയായ ശ്രീമതി. ദിവ്യ ഇ.എംനെ സർവീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.179/2026/H&FWD തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-

1. സ. ഉ (പി) നം. 55/2020/ആ.കു.വ തീയതി 16.09.2020
2. ശ്രീമതി.ദിവ്യ ഇ.എം സമർപ്പിച്ച 03.02.2025 ലെ അപേക്ഷ
3. ശ്രീമതി.ദിവ്യ ഇ.എം സമർപ്പിച്ച 22.04.2025 ലെ അപേക്ഷ
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 18.06.2025 ലെ ജെ2/408/2020/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തുവരവെ ശ്രീമതി. ദിവ്യ ഇ.എം, KSR Part I, അനുബന്ധം XII A പ്രകാരം 27.02.2020 മുതൽ അഞ്ചു വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. ശൂന്യവേതനാവധി അവസാനിക്കുന്ന തീയതിയായ 27.02.2025- ന് സേവനത്തിൽ പുനപ്രവേശിക്കുന്നതിന് സാധ്യമായ ശാരീരികാവസ്ഥയല്ല തനിക്കുള്ളതെന്ന്, ശ്രീമതി. ദിവ്യ ഇ.എം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി.

2 . ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ അച്ചടക്കനടപടി സ്വീകരിക്കുമെന്ന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന് മറുപടിയായി, അബുദാബിയിൽ സിസേറിയൻ ഓപ്പറേഷൻ നടന്നതിനാലാണ് യഥാസമയം ജോലിയിൽ തിരികെ പ്രവേശിക്കാൻ കഴിയാതിരുന്നത് എന്നും ആയതിനാൽ തന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണം എന്നും പരാമർശം (3) പ്രകാരം ശ്രീമതി. ദിവ്യ ഇ.എം അപേക്ഷിച്ചിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരമുള്ള ബോണ്ട് ടിയാൾ സമർപ്പിച്ചിട്ടുണ്ടെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ഫെബ്രുവരി മാസത്തിൽ സിസേറിയൻ ശസ്ത്രക്രിയ നടന്നതായി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ശ്രീമതി. ദിവ്യ ഇ.എം ഹാജരാക്കിയിട്ടുണ്ട്. ടി സമയത്തെ ടിയാളുടെ ശാരീരിക സ്ഥിതി കണക്കിലെടുക്കുമ്പോൾ 27.02.2025- ൽ ജോലിയിൽ പുനപ്രവേശിക്കാൻ സാധിക്കില്ലായിരുന്നുവെന്ന വസ്തുത പരിഗണിച്ച്, അച്ചടക്ക നടപടി ഒഴിവാക്കി ശ്രീമതി. ദിവ്യ ഇ.എം-നെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ്, തൃശ്ശൂർ
ശ്രീമതി.ദിവ്യ ഇ.എം, എടത്തറ ഹൗസ്, മുളങ്കുന്നത്തുകാവ് പി.ഒ, തൃശ്ശൂർ (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ C3/292/2025-HEALTH

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 12-01-2026 16:43:58
സെക്ഷൻ ഓഫീസർ